പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1980 14.07.2011- ലെ മറുപടി

കെ.എസ്.ആർ.ടി.സി യിൽ ഡ്രൈവർമാരെ നിയമിക്കുന്ന നടപടി

ചോദ്യം ഉത്തരം

ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഹെവിലൈസൻസ് ഉള്ളവരുടെ കുറവും ജീവനക്കാരെ നിയമിക്കുന്നതിലുള്ള അശാസ്ത്രീയതയും കെ.എസ്.ആർ.ടി.സിയിൽ ഡ്രൈവർമാരുടെ ക്ഷാമം രൂക്ഷമാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഹെവിലൈസൻസ് ലഭിച്ച് നിർദ്ദിഷ്ട പരിചയം സിദ്ധിച്ചവരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നിയമനത്തിൽ എന്തെങ്കിലും അശാസ്ത്രീയതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരളാ പബ്ലിക് സർവ്വീസ് കമ്മിഷന്റെ നിയമനോപദേശം ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി നിയമനം നടത്തുന്നുണ്ട്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ടെന്നും അതുമൂലം എത്ര പുതിയ ഷെഡ്യൂളുകൾ ആരംഭിക്കാൻ കഴിഞ്ഞതായും അറിയിക്കുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 235 **JnNURM** ബസ്സുകൾ ഉൾപ്പെടെ 3,040 പുതിയ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. പുതിയ ബസ്സുകൾ ഉപയോഗിച്ച് 1314 ഷെഡ്യൂളുകളും **JnNURM** പദ്ധതിപ്രകാരമുള്ള ബസുകൾ ഉപയോഗിച്ച് 235 ഷെഡ്യൂളുകളും പ്രസ്തുത കാലയളവിൽ നടപ്പാക്കിയിട്ടുണ്ട്. |
| (സി) | ഡ്രൈവർമാരെ തിരഞ്ഞെടുക്കുന്നതിന് ആദ്യം പ്രായോഗിക പരീക്ഷയും പിന്നീട് എഴുത്തുപരീക്ഷയും നടത്തണമെന്ന വിദഗ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നോട്ടിഫിക്കേഷൻ നമ്പർ 196/2010 പ്രകാരം ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നത് താഴെ പറയുന്ന വിധത്തിലാണ്.<br>1. ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും, ശാരീരിക ക്ഷമത പരിശോധനയും.<br>2. **H-Test-ഉം Road Test- ഉം**<br>3. അവശേഷിക്കുന്ന |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികളുടെ എണ്ണം കണക്കാക്കിയശേഷം ആവശ്യമെങ്കിൽ എഴുത്ത് പരീക്ഷ നടത്തുന്നതാണ്. |
| (ഡി) | നിലവിലുള്ള എംപാനൽകാരെ കൂടാതെ എത്ര ഒഴിവുകളാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) | സ്ഥിര ഒഴിവുകൾ മാത്രം കണക്കാക്കിയല്ല എംപാനൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ആകസ്മികമായുണ്ടാകുന്ന ഒഴിവുകൾകൂടി കണക്കിലെടുത്താണ് നിയമിക്കാറുള്ളത്. നിലവിൽ 2162 ഡ്രൈവർ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവർട്ടവർക്കുള്ള 1012 ഒഴിവുകളിലേക്ക് ഉടൻ പി.എസ്.സി നിയമനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | നിയമനം സുതാര്യമായും വേഗത്തിലും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | നിയമനോപദേശം ലഭിച്ച ഉദ്യോഗാർത്ഥികളുടെ നിയമനം സുതാര്യമായും വേഗത്തിലുമാണ് നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ